**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1885** **13-02-2025 - ൽ മറുപടിയ്ക്ക്**

**കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ. എൻ. കെ. അക്ബർ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്; വിവിധ ഫണ്ടുകൾ ഉപയോഗിച്ച് നടന്നു വരുന്ന പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ; | (എ) | അനുബന്ധമായി ചേർക്കുന്നു |
| (ബി) | കായിക വകുപ്പിനു കീഴിലെ മുഴുവൻ സ്ഥാപനങ്ങൾക്കുമുള്ള കേന്ദ്രം എന്ന നിലയിൽ കായിക ഭവന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ; | (ബി) | കായിക വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും അതുവഴി ഭരണതലത്തിൽ മെച്ചപ്പെട്ട ഏകോപനവും വർദ്ധിത വേഗവും കൈവരിക്കുന്നതിനായി 'കായിക ഭവൻ' എന്ന പേരിൽ കായിക ആസ്ഥാനമന്ദിരത്തിന്റെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട് |
| (സി) | കായിക സമുച്ചയങ്ങളുടെ നിർമ്മാണം ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (സി) | കായികഭവന്റെ നിർമ്മാണത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ സർക്കാർ 8.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഗ്രൗണ്ട് ഫ്ളോർ, ഒന്നാം നില, രണ്ടാം നില എന്നിവയാണ് ആദ്യഘട്ടത്തിൽ നിർമ്മിക്കുന്നത്. പദ്ധതി നിർവ്വഹണം സർക്കാർ അക്രെഡിറ്റെഡ് ഏജൻസി ആയ ഊരാലുങ്കൽ ലേബർ കോൺട്രാക്ടിംഗ് കോപ്പറേറ്റീവ് സൊസൈറ്റിയ്ക്കാണ്. നിലവിൽ പ്രവൃത്തി 27% പൂർത്തിയാക്കിയിട്ടുണ്ട്. ഫൗണ്ടേഷൻ, സമ്പ് പ്രവൃത്തികൾ പൂർത്തിയായി. |
| (ഡി) | പ്രസ്തുത അടിസ്ഥാന സൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ കായിക മേഖലയെ ഊർജ്ജസ്വലമാക്കുന്നതിന് ഏതെല്ലാം നിലയിൽ സഹായകമാകുമെന്ന് വ്യക്തമാക്കുമോ? | (ഡി) | കായികവകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിവിധ അടിസ്ഥാന സൗകര്യപദ്ധതികൾ സംസ്ഥാനത്ത് കായികമേഖലയ്ക്ക് പുത്തൻ ഉണർവ് നൽകുന്നതിനും ലോകനിലവാരത്തിലുള്ള കായികതാരങ്ങളെ കണ്ടെത്തി സംസ്ഥാനത്തിന് അഭിമാനകരമാകുന്ന നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരായ ഒരു യുവതലമുറയെ വളർത്തിയെടുക്കുന്നതിനും അടിസ്ഥാനമിടുന്നതാണ് . നഗരപ്രദേശങ്ങളിലും ഗ്രാമീണമേഖലയിലും നടക്കുന്ന വികസന |

| | | | | |
|---|---|---|---|---|
| | | | | പ്രവർത്തനങ്ങളുടെ പ്രയോജനം നഗരഗ്രാമഭേദമില്ലാതെ യുവജനങ്ങളെ കായികമേഖലയിലേക്ക് ആകർഷിക്കുന്നതിനും യുവാക്കളുടെ കായികക്ഷമത മെച്ചപ്പെടുത്തുന്നതിനും ഏറെ സഹായകരമാകും.<br><br>ഒരു മികച്ച കായിക സംസ്കാരം വളർത്തിയെടുക്കുന്നതിലൂടെ ആരോഗ്യമുള്ള ഒരു ഭാവിതലമുറയെ സൃഷ്ടിക്കുന്നതിനും ഈ അടിസ്ഥാന സൗകര്യവികസനപ്രവർത്തനങ്ങൾ വഴിയൊരുക്കുന്നതാണ്.<br><br>വിവിധ ജീവിതശൈലി രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കായികവും ശാരീരികവും മാനസികവുമായ വികാസത്തിനുള്ള സൗകര്യം ഒരുക്കുക എന്നത് സാമൂഹികപരമായി നിലവിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്ന മേഖലയായി സർക്കാർ നോക്കികാണുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും തനത് കായിക വികസനങ്ങൾ കൂടി പരിഗണിച്ചുകൊണ്ട് ആവിഷ്കരിച്ച ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി നടപ്പിൽ വരുന്നതോടെ പ്രാദേശികമായി എല്ലാ പഞ്ചായത്തുകളിലും കായിക സൗകര്യങ്ങൾ വികസിക്കപ്പെടുന്നതിലൂടെ സാമൂഹിക ഒത്തുചേരലുകളും ആരോഗ്യ വികസന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നതിന് വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു. എല്ലാവർക്കും "ആരോഗ്യം, ശാരീരികക്ഷമത, സന്തോഷം" എന്ന പ്രാഥമിക ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത് |

സെക്ഷൻ ഓഫീസർ

